# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 65

30.10.2019 ലെ മറുപടിയ്ക്ക്.

**പട്ടിക വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

| **ചോദ്യം**<br>**ശ്രീ.പുരുഷൻ കടലുണ്ടി,**<br>**". കെ.വി.വിജയദാസ്,**<br>**". പി.വി. അൻവർ,**<br>**". സി. കെ. ശശീന്ദ്രൻ** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഉല്പാദനോപാധികളിൽ മുഖ്യമായ ഭൂമിയുടെ ഉടമസ്ഥാവകാശം നാമമാത്രമായിരിക്കുന്നത് പട്ടികജാതി- പട്ടിക ഗോത്ര വർഗ്ഗക്കാരെ പാർശ്വ വൽക്കരിക്കുന്നതിനിടയാക്കിയിട്ടുള്ള സ്ഥിതിയിൽ സംരംഭകത്വ ശേഷിയും തൊഴിൽ നൈപുണ്യം വികസിപ്പിച്ച് ഇവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ: | (എ) | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വെക്കുവാൻ ഗ്രാമപ്രദേശത്ത് 5 സെന്റും നഗരപ്രദേശത്ത് 3 സെന്റും ഭൂമി വാങ്ങുവാൻ സർക്കാർ സഹായം നൽകുന്നുണ്ട്. 2016-17 മുതൽ 2018-19 വരെ 12952 കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമായി. ഈ വർഷം ഇതുവരെ 1078 കുടുംബങ്ങൾ സ്ഥലം വാങ്ങിക്കഴിഞ്ഞു.<br>വരുമാനദായകമായ തൊഴിൽ നേടുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പട്ടികജാതി വികസന വകുപ്പും സ്റ്റാർട്ട്അപ് മിഷനും സംയുക്തമായി സ്റ്റാർട്ട്അപ് ഡ്രീംസ് എന്ന പ്രോജക്ട് മണ്ണന്തല അംബേദ്കർ ഭവനിൽ നടപ്പിലാക്കി വരുന്നു. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി 133.10 ലക്ഷം രൂപ അനുവദിച്ചു.<br>പട്ടികജാതി വിദ്യാർത്ഥികളുടെ നൈപുണ്യം വികസിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി വിവിധ ഏജൻസികളുമായി സഹകരിച്ച് തൊഴിൽദായക പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. 5838 പേർക്കുള്ള പരിശീലന പരിപാടി ആവിഷ്കരിച്ചു. 1787 പേർക്ക് തൊഴിൽ ലഭിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു<br>സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിലൂടെ അവരുടെ ഭൂഉടമസ്ഥത വർദ്ധിപ്പിക്കുവാൻ വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഭൂരിപക്ഷം പട്ടികവർഗ്ഗകുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഭൂമി ലഭ്യമാക്കുന്നതിനായി പ്രധാനമായും 3 പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ (RoR) നൽകൽ എന്നിവയാണ് ടി പദ്ധതികൾ. 3536 പേർക്ക് 3444.05 ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വരുമാനദായകമായ തൊഴിൽ നൽകുന്നതിനുള്ള പരിപാടി പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ ഡ്രൈവിലൂടെ നിയമിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 100 വാച്ച്മാൻ മാരേയും നിയമിച്ചു. ഇതിനുപുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്.<br>നൈപുണ്യ വികസനത്തിനും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമാണ് മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും ഊന്നൽ നൽകുന്നത്. സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ / സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെൻറ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു.<br>അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് വസ്ത്രനിർമ്മാണ പരിശീലനം നൽകി സൊസൈറ്റി രൂപീകരിച്ച് അപ്പാരൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.<br>ഗോത്രജീവിക പദ്ധതിപ്രകാരം തൊഴിൽരഹിതരെ കണ്ടെത്തി 1170 പേർക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി. 54 സ്വയംസഹായ സംഘങ്ങൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ ഈ സംഘങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്.<br>സെന്റർ ഓഫ് സ്കിൽ എക്സലൻസ് മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പരിശീലനം നൽകി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് |

| | | | |
|---|---|---|---|
| | | | എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നു<br>തൊഴിലുറപ്പ് പദ്ധതിയിലെ 100 തൊഴിൽ ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന ട്രൈബൽ പ്ലസ് പദ്ധതി സർക്കാർ നടപ്പിലാക്കുന്നു.<br>അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പ വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്<br>പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20-ൽ "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിദേശ തൊഴിൽ കമ്പോളത്തിലെ അവസരങ്ങൾ കൂടി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് വിവിധ ഏജൻസികളുമായി സഹകരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യ വികസന പരിശീലനം നൽകി വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 192 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 8 യുവാക്കൾക്കും വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനും ആയതിലൂടെ സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | തൊഴിൽ പരിശീലനത്തിനും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ തേടുന്നതിന് സഹായിക്കുന്നതിനും പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുന്നതിനും വ്യാവസായിക രംഗത്ത് വിദേശത്തും, സ്വദേശത്തും സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളിൽ തൊഴിൽ നേടുവാനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നത് ലക്ഷ്യംവച്ചുകൊണ്ടാണ് വകുപ്പിലെ ഐ.ടി.ഐ കളിലെ പരിശീലന പരിപാടി സജ്ജീകരിച്ചിട്ടുള്ളത്. എല്ലാ ഐ.റ്റി.ഐ കളിലും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നു. 6 ഐ.റ്റി.ഐ. കൾ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.കളാക്കി മാറ്റി. എല്ലാ വർഷവും ജോബ് ഫേർ നടത്തി കേരളത്തിനകത്തും പുറത്തും പ്ലേസ്മെന്റിന് സൗകര്യമൊരുക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

പട്ടികജാതി വികസന വകുപ്പ്

അനുബന്ധം

| Sl. No | Course |
|---|---|
| 1 | Front Office |
| 2 | House Keeping |
| 3 | Food Production |
| 4 | Panchakarma Therapy |
| 5 | Ayurveda Nursing |
| 6 | Ayurveda Pharmacy |
| 7 | Spa Therapy |
| 8 | Geriatric Assistant |
| 9 | Yoga Instructor |
| 10 | Fabric & Textile Designing |
| 11 | Interview Management & Personality Development for Women |
| 12 | Food & Beverages Management |
| 13 | Back Office Training |
| 14 | Food Processing Bakery |
| 15 | Food Production |
| 16 | Placement Linked Training in Industrial Machine Operator |
| 17 | Training in Mural Painting & Glass Art |
| 18 | Solar panel Installation & Repairing |
| 19 | Industrial Electronics |
| 20 | Electrical Technician |
| 21 | Training on Server Administration & Networking |

22 Plumbing Technician

23 Mechanical Technician

24 Tinkering & Painting

25 Sales executive at Automotive Dealership

26 Auto Diagnosis & Repair

27 Travel & Tourism Diploma

28 Arc Welding Placement linked

29 Pipe Fabrication

30 HVAC

31 PG Diploma in Emergency Medical Service

32 Diploma in Patient care management

33 B.voc Medical Imaging Technology

34 Skill Training Programme on Organic grower

35 Home Nursing & Allied Health Care Training

36 Skill Training for Engineering graduates & Post graduates

37 Co EDAS

38 Cad Mex

39 EG Online

40 Digital Marketing

41 Visual effect & Animation

42 NEP

43 OET

44 Home Health Aid

45 FNEP

46 ANEP

47 Placement linked Training on Local tourist guide (Idukki. Alappuzha. Wayanad)

48 Training in Airline Customer Service

49 Placement linked Training on IT oriented soft skill development to 60 Students

50 Graphics & Web Designing

51 GP for Engineering
52 PG Diploma in Advance Construction Management
53 Advance Certification in Plumbing
54 Certification in STP operator
55 PG Diploma Retail Management
56 Certification in Data Centre Infrastructure
57 Designing & Garment Technology
58 Spa Therapy
59 Security Guard
60 Web Development & Digital Marketing
61 Organic hand weaving and medical block printing
62 Entrepreneur Training Course for SC Women
63 LED Manufacturing Course